കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ആറാം സമ്മേളനം

1981 ആഗസ്റ്റ് 24, തിങ്കൾ

വാല്യം LIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 25

നിയമസഭ 1981 ആഗസ്റ്റ് 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ശ്രദ്ധ ക്ഷണിക്കൽ

(1) കണ്ണൂർ ജില്ലയിലെ കൈനക്കേ ഫാക്ടറി

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഞാൻ ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് കൊടുത്തിരുന്നു. അത് എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഞാൻ നേരത്തെ പറഞ്ഞല്ലൊ? സബ്മിഷനായി അവതരിപ്പിക്കാം.

ശ്രീ. പി. കരുണാകരൻ: സർ, കണ്ണൂർ ജില്ലയിൽ കൈനാക്കേ വ്യവസായവുമായി ബന്ധപ്പെടുന്ന ആയിരത്തോളം വരുന്ന തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ ചില സംഭവവികാസങ്ങളിലേക്ക് വ്യവസായ മന്ത്രിയുടെയും ഗവൺമെൻറിന്റെയും ശ്രദ്ധ ഞാൻ ക്ഷണിക്കുന്നു.

കണ്ണൂർ ജില്ലയിൽ Shri Samuel Aron നടത്തിയിരുന്ന കൈനക്കേ വ്യവസായം 1966-ൽ ആണ് ഗവൺമെൻറ് റിലീഫ് അണ്ടർ ടേക്കിംഗ്സായി എടുത്തത്. രണ്ടുവർഷത്തോളം തൊഴിലാളികളും നടത്തിയ നിരന്തരമായ സമരത്തിന്റെ ഫലമായിയായിരുന്നു താൽക്കാലികമായി ഏറ്റെടുത്തത്. മാനേജുമെൻറും തൊഴിലാളികളും പരിപൂർണ്ണമായി സമ്മതിച്ചതുകൊണ്ട് ഈ വ്യവസായം പൂർണ്ണമായും ഏറ്റെടുക്കാമെന്ന് ആണ് ഗവൺമെൻറിന്റെ പ്രതീക്ഷ. അതിനാവശ്യമായ നിയമനിർമ്മാണം നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ തന്നെ പ്രഖ്യാപിച്ചതായിരുന്നു. എന്നാൽ 5 വർഷം കഴിഞ്ഞതിനുശേഷവും ഈ വ്യവസായം ഏറ്റെടുക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തിയില്ലെന്ന് ഖേദപൂർവം അനുസ്മരിപ്പിക്കുന്നു. അതിന് വൈകുന്നതുകൊണ്ട് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ന്യായമായ അവകാശങ്ങൾ നിഷേധിക്കുന്നു. അതു പോലെതന്നെ മാനേജുമെൻറിന്റെ പ്രശ്നത്തിൽ തീരുമാനമാകാത്തതുകൊണ്ട് പഴയ മാനേജുമെൻറ് അവകാശികൾ ഇന്ന് തങ്ങൾക്ക് അനുകൂലമായ തീരുമാനം ഉണ്ടാകുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. ഈ ചുറ്റുപാടിൽ എത്രയും വേഗം ഈ ഫാക്ടറി ഏറ്റെടുക്കാനുള്ള നിയമനിർമ്മാണം ഉണ്ടാകണം. ഈ പൈനാക്കിൾ ഫാക്ടറി ഏറ്റെടുത്ത് കണ്ണൂർ ജില്ലയിൽ മറ്റു വ്യവസായങ്ങളും ആരംഭിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് നേരത്തെ തീരുമാനിച്ചതാണ്. Glazed tiles, stoneware pipe തുടങ്ങിയ ഫാക്ടറി കളും. ഇതിനാവശ്യമായ വിദഗ്ദ്ധ സാങ്കേതികസഹായം ലഭിക്കുന്നതിനു വേണ്ടി അന്നത്തെ വ്യവസായ ഡയറക്ടർ എം. എസ്. കെ. രാമസ്വാമി ഉൾപ്പെടെ ചിലർ ഫ്രാൻസ്, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളും സന്ദർശിച്ചു ആവശ്യമായ വിദഗ്ദ്ധ സഹായം ലഭിക്കുമെന്ന് ഉറപ്പുനൽകി. കേന്ദ്ര ഗവൺമെന്റിന്റെ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ സാമ്പത്തികസഹായം നൽകാമെന്ന് ഏറ്റിരുന്നു.

സർ, ഈ വ്യവസായം പൊതുമേഖലയിൽ സ്ഥാപിക്കണമെന്ന് കണ്ണൂർ ജില്ലാ വികസനസമിതിയും വികസന സമിതിയുടെ സബ്കമ്മിറ്റിയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ മാതൃഭൂമി, ദേശാഭിമാനി തുടങ്ങിയ പത്രങ്ങളിൽ വന്ന വാർത്തകളും കണ്ണൂർ ജില്ലയിലെ ആളുകളെയും നിയമസഭാ മെമ്പറന്മാരെയും നിരാശപ്പെടുത്തിയിരിക്കുന്നു. ഈ വ്യവസായം ഒരു സ്വകാര്യകമ്പനിക്ക് കൊടുക്കാൻ പോകുന്നു എന്ന് അതിൽ പറഞ്ഞിരുന്നു. സർ, കഴിഞ്ഞ കാലങ്ങളിൽ ഉയർന്ന കൂലിയും ബോണസും കൊടുത്തിട്ടുപോലും പൊതു മേഖലാരംഗത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഇത്. ഇതൊരു സിക്ക് യൂണിറ്റല്ല. അതുകൊണ്ട് ഇതു പൊതുമേഖലയിൽ തന്നെ പ്രവർത്തിപ്പിക്കാൻ സാധിക്കും. കണ്ണൂർ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ്, അതുകൊണ്ട് മറ്റ് ജില്ലയിലേക്ക് കൊണ്ടുപോകേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. എത്രയും പെട്ടെന്ന് ഈ പൈനാക്കിൾ ഫാക്ടറി ഏറ്റെടുക്കാനുള്ള നിയമ നിർമ്മാണം നടത്തുകയും പൈനാക്കിൾ ഉപയോഗിച്ച് ഗവൺമെന്റ് തുടങ്ങു മെന്നു പറഞ്ഞ വ്യവസായ സംരംഭം കണ്ണൂർ ജില്ലയിൽ ആരംഭിക്കുകയും ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. പി. സി. ചാക്കോ): സർ, രണ്ടു പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത്. ഒന്ന് Super clays and mineral mining കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ചാണ്. മറ്റൊന്ന് പറഞ്ഞത് കണ്ണൂർ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന ഒരു വ്യവസായസ്ഥാപനം കണ്ണൂർജില്ലയ്ക്ക് പുറത്തേക്ക് സ്വകാര്യമേഖലയിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു എന്ന നിലയിലാണ്. ഈ വസ്തുതകൾ പൂർണ്ണമായും ശരിയല്ല. എങ്കിലും ഈ അഭിപ്രായങ്ങളുടെ പിന്നിലുള്ള വികാരത്തെ ഗവൺമെന്റ് മാനിക്കുന്നു.

ബഹുമാനപ്പെട്ട കരുണാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു സ്വകാര്യവ്യക്തി Shri Samuel Aron 1972-ൽ ആരംഭിച്ച കമ്പനിയാണ് Super Clays and Mineral Mining Company. അത് 1975 വരെ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചതിനുശേഷം ഭീമമായ നഷ്ടം വന്ന് രണ്ടുവർഷത്തോളം പൂട്ടിയിടുകയുണ്ടായി. 1975-ൽ അന്നത്തെ കമ്പനിയുടെ ഉടമ ഈ കമ്പനി ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, തൊഴിലാളികളുടെ സമരത്തിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായി കമ്പനി ഗവൺമെന്റ് ഏറ്റെടുക്കുകയും നടത്തിപ്പിനുള്ള അവകാശം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപിക്കുകയും ചെയ്തു. 4 വർഷം പ്രവർത്തനം തൃപ്തികരമായിരുന്നു. ഏറ്റവും ഒടുവിലത്തെ ബാലൻസ്ഷീറ്റ് അനുസരിച്ച് അതിന്റെ പ്രവർത്തനലാഭം ഏതാണ്ട് 2 ലക്ഷത്തോളം രൂപ വരും. കമ്പനി ലാഭകരമായി മാറിയ സാഹചര്യത്തിൽ ഈ കമ്പനി തിരിച്ചു വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുൻ ഉടമ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. നിയമപരമായി ഇത് ഏറ്റെടുക്കാൻ ഗവൺമെൻറിന് പൂർണ്ണമായ അവകാശം സ്ഥാപിച്ചു കിട്ടാത്തിടത്തോളം കാലം ഈ സ്ഥാപനത്തിന് വികസനപ്രവർത്തനവുമായി മുന്നോട്ടുപോകാൻ പ്രായോഗികമായ തടസ്സം ഉണ്ട്. ഇത് ഏറ്റെടുക്കാൻ നിയമനിർമ്മാണം നടത്തിക്കൂടെ എന്ന് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു. അദ്ദേഹം പറഞ്ഞ വസ്തുകകൾ ശരിയല്ല. ഈ കമ്പനി ഏറ്റെടുക്കാനുള്ള നിയമനിർമ്മാണം നടത്താനുള്ള അവകാശം സംസ്ഥാന ഗവൺമെൻറിന് ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം കമ്പനീസ് ആക്ടിന്റെ അല്ലെങ്കിൽ Development and Regulation Act-ന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള നിയമനിർമ്മാണം നടത്താൻ കേന്ദ്രഗവൺമെൻറിന് മാത്രമേ അധികാരമുള്ളു. ഈ ഗവൺമെൻറ് റിലീഫ് അണ്ടർടേക്കിംഗ്സ് ആക്ടിന്റെ കാലാവധി 5 കൊല്ലത്തിൽ നിന്ന് 10 കൊല്ലമായി ദീർഘിപ്പിച്ചില്ലെങ്കിൽ ഇതിനകത്ത് ഈ ഫാക്ടറി നമ്മുടെ കൈയിൽ നിന്ന് പോകുമായിരുന്നു. ഈ Super clays and minerals-ഉം അതുപോലുള്ള ചില കമ്പനികളും റിലീഫ് അണ്ടർടേക്കിംഗ്സ് കമ്പനികളായി തുടരുകയും ഏറ്റെടുക്കാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിൽ തൊഴിലാളികളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടിയാണ് 5 കൊല്ലം എന്നുള്ളത് 10 കൊല്ലമായി ദീർഘിപ്പിച്ചത്. അങ്ങനെ ദീർഘിപ്പിച്ചുകൊണ്ട് ഈ ഗവൺമെൻറ്, ഈ നിയമസഭ ഒരു ഭേദഗതി കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇന്ന് ഈ കമ്പനി ഗവൺമെൻറ് കൈവശം നിൽക്കുന്നത്. ഉടമസ്ഥൻ കോടതിയെ സമീപിച്ചിരിക്കുന്നു ഇതു വിട്ടുകിട്ടണമെന്നു പറഞ്ഞുകൊണ്ട്. അവരുമായി നെഗോഷിയേറ്റ് ചെയ്തു ഈ കമ്പനി ഏറ്റെടുക്കാൻ കഴിയുമോ എന്ന പരിശ്രമം ഗവൺമെൻറ് നടത്തുന്നുണ്ട്. ഏറ്റെടുക്കുന്ന അവസരത്തിൽ ഒരു ചാർട്ടേഡ് അക്കൗണ്ടൻറ് ഫോം ആസ്തി ബാധ്യതകൾ അന്ന് പരിശോധിച്ചതാണ്. 19 ലക്ഷം രൂപയുടെ ആസ്തിയും 24 ലക്ഷം രൂപയുടെ ബാദ്ധ്യതയുമാണ് അന്നുണ്ടായിരുന്നത്. ആ സാഹചര്യത്തിൽ ഈ കമ്പനിയുടെ ആസ്തിബാധ്യത ഏറ്റെടുക്കുന്നതു സംബന്ധിച്ച് ഉടമയുമായി സംസാരിച്ച് ഇത് ട്രാൻസ്ഫർ ചെയ്യാൻ കഴിയുമോ എന്ന് നോക്കുകയല്ലാതെ ഏറ്റെടുത്തുകൊണ്ടുള്ള നിയമനിർമ്മാണം നടത്താൻ സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. ഗവൺമെൻറ് ഇക്കാര്യത്തിൽ ഒരു അലംഭാവവും കാണിച്ചിട്ടില്ല.

സർ, ഇതിനെത്തുടർന്ന് മറ്റൊരു ആശങ്ക കണ്ണൂരിനു ഉണ്ടായിട്ടുള്ളത് കുറച്ചുകൂടി ഗൗരവാവഹമാണ്. ഈ വ്യവസായം ഏറ്റെടുത്ത് പൊതുമേഖലയിൽ തുടങ്ങുമെന്നു പറഞ്ഞ വ്യവസായ സ്ഥാപനങ്ങൾ പുറത്തേക്കു പോകും എന്നുള്ളതിനെ സംബന്ധിച്ചാണ് അത്. ഈ വ്യവസായം ഏറ്റെടുക്കാനുള്ള ബുദ്ധിമുട്ടുമൂലവും വിട്ടുതരാൻ ഉടമ തയ്യാറാകാതിരുന്നതുമൂലവും അസന്നിഗ്ദ്ധാവസ്ഥയിലായിരുന്ന ഒരു ഘട്ടത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കൈവശമുണ്ടായിരുന്ന glazed tiles and stonewae pipe എന്ന ഒരു പ്രോജക്ടിന്റെ ലൈസൻസു നടപ്പാക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്, 4000 ടൺ glazed tiles-ഉം 6000 ടൺ stoneware pipes-ഉം ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു ലെറ്റർ ഓഫ് ഇൻറൻഡ് കേരള

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കൈവശമുണ്ട്. 5 കോടി രൂപയാണ് അതിന്റെ മുതൽ മുടക്ക്. അതു പൂർണ്ണമായി ഗവൺമെന്റ് മേഖലയിൽ നടത്താൻ കഴിയുമെങ്കിൽ നടത്തണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. സാമ്പത്തിക പരിമിതിയുള്ളതുകൊണ്ട് സ്വകാര്യ വ്യക്തിയുമായി സഹകരിച്ചു ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടുകൂടി ജോയിന്റ് സെക്ടറിൽ നടത്തണമെന്നുള്ളതിനെ സംബന്ധിച്ച് ചില ആലോചനകൾ നടന്നു. അങ്ങനെ glazed tiles and stoneware pipes project--ലെ മുതൽ മുടക്കാൻ തയ്യാറുള്ള ചില സ്വകാര്യവ്യക്തികൾ മുന്നോട്ടുവരികയും അവരുമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ചില പ്രമോഷണൽ എഗ്രിമെന്റുകൾ സൈൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ഐ. ഇ.-ക്കുള്ള ലെറ്റർ ഓഫ് ഇൻറൻഡ് കെ. എസ്. ഐ ഡി. സി.-ക്ക് ട്രാൻസ്ഫർ ചെയ്യാനും കെ. എസ്. ഐ. ഡി. സി. ഇത് ജോയിന്റ് സെക്ടറായി നടത്താനുമാണ് ആലോചിക്കുന്നത്. കണ്ണൂർ ജില്ലക്ക് പുറത്തേക്ക് ഇതു മാറാൻ എന്തെങ്കിലും ആലോചനയുള്ളതായി അറിവില്ല. വളരെ വ്യക്തമായി കെ. എസ്. ഐ. ഡി. സി.-യോടും കെ. എസ്. ഐ. ഇ.-യോടും കണ്ണൂർ ജില്ലയിലെ ആളുകളുടെ വികാരം കണക്കിലെടുത്തുകൊണ്ട് സൂപ്പർ ക്ലേയ്സിന്റെ പശ്ചാത്തലം കൂടി വെച്ചുകൊണ്ട് അഥവാ സൂപ്പർ ക്ലേയ്സ് ഗവൺമെന്റിനു ഏറ്റെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പോലും അവിടത്തെ വളരെ സമ്പന്നമായ ചൈനാക്ലേ നിക്ഷേപം ഉപയോഗിച്ചുകൊണ്ട് glazed tiles and stoneware pipes unit സ്വകാര്യമേഖലയിലായാലും പൊതുമേഖലയിലായാലും കണ്ണൂർ ജില്ലയിൽതന്നെ ഈ സൂപ്പർ ക്ലേയ്സിനോടു ചേർന്നുതന്നെ തുടങ്ങണമെന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക പരിമിതിമൂലം ഒരു പക്ഷെ ഗവൺമെന്റ് സെക്ടറിൽ ഇതു നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടായേക്കാം, അങ്ങനെയാണെങ്കിൽ തന്നെയും കണ്ണൂർ ജില്ലയ്ക്കു പുറത്തേക്കു പോകുന്ന പ്രശ്നമില്ല. ഈ പറഞ്ഞതുപോലെ കഴിയുന്നിടത്തോളം സൂപ്പർക്ലേയ്സ് നിയമപരമായി ഏറ്റെടുത്ത് സൂപ്പർക്ലേയ്സിന്റെ ആഭ്യമുഖത്തിൽ ഈ വ്യവസായസ്ഥാപനം നടത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ ആലോചന. സാങ്കേതികമായ ബുദ്ധിമുട്ടുകളില്ലെങ്കിൽ അതുതന്നെ ചെയ്യും. എന്തെങ്കിലും കാരണവശാൽ അതു സാധിക്കാതെ വന്നാൽ ഈ ലെറ്റർ ഓഫ് ഇൻറൻഡിന്റെ കാലാവധി തീരാറായി. ലെറ്റർ ഓഫ് ഇൻറൻഡ് പുതുക്കണമെങ്കിൽ അതിന് സബ്സ്ക്രിപ്ഷൻ സ്റ്റെപ്സ് എടുത്തിരിക്കണമെന്നാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതു കാൻസലായിപോകാതിരിക്കത്തക്കവണ്ണം നേരിട്ട് ഗവൺമെന്റിനു നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ ജോയിന്റ് സെക്ടറിൽ നടപ്പാക്കണമെന്നും ആലോചനയുണ്ട്. രണ്ടായാലും Stoneware pipes and Glazed Tiles എന്നു പറയുന്ന ഇതിന്റെ എക്സ്പാൻഷൻ സ്കീം കണ്ണൂർ ജില്ലയിൽ തന്നെ നടപ്പാക്കും. അവിടത്തെ ചൈനാക്ലേ നിക്ഷേപം ഉപയോഗപ്പെടുത്തിക്കൊണ്ട് നടപ്പാക്കും. യാതൊരു കാലതാമസവും കൂടാതെ അതിന് അടിയന്തിരനടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. കരുണാകരൻ: ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് റെഗുലേഷൻ ആക്ട് 1951-ന്റെ ഫസ്റ്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ടേക്ക് ഓവറിനെ സംബന്ധിച്ച് സെൻട്രൽ ഗവൺമെന്റ് നിയമനിർമ്മാണം നടത്തേണ്ടതുള്ളൂ. മൈൻസ് ഈ ഫസ്റ്റ് ഷെഡ്യൂളിൽ

LIBRARY ARCHIVES Kerala Legislative Assembly

പെടുന്നില്ല. അതുകൊണ്ട് മിനറൽസ് റെഗുലേഷൻസ് ആൻഡ് ഡെവലപ്പ്മെൻറ് ആക്ട് 1957 അനുസരിച്ച് സെൻട്രൽ ഗവൺമെൻറുമായി കൺസൽട്ടുചെയ്തുകൊണ്ട് സ്റ്റേറ്റ് ഗവൺമെൻറ് തന്നെ നിയമ നിർമ്മാണം നടത്താൻ കഴിയുകയില്ലേ എന്നു പരിശോധിക്കേണ്ടതാണ്.

ശ്രീ. പി. സി. ചാക്കോ: വേറെ ചില എറെടുക്കൽ സംബന്ധിച്ച് ഇവിടെ തർക്കമുണ്ടായിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെൻറ് ചിലത് എറെടുക്കുകയും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോയി എറെടുത്ത നടപടിയെ ചോദ്യം ചെയ്യുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് ആൻഡ് റഗുലേഷൻസ് ആക്റ് അനുസരിച്ചാണെങ്കിലും ഇവിടെ ചൂണ്ടിക്കാണിച്ച മൈൻസ് ആൻഡ് മിനറൽസ് ആക്റ് അനുസരിച്ച് ആണെങ്കിലും രണ്ടും കേന്ദ്ര ആക്ടുകളാണ്. അതുകൊണ്ട് കേന്ദ്രഗവൺമെൻറിൻറെ അംഗീകാരത്തോടുകൂടി മാത്രമേ നിയമനിർമ്മാണം നടത്താൻ സാധിക്കൂ. ഇത് എറെടുക്കാൻ നിയമനിർമ്മാണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെൻറ് ഔദ്യോഗികമായി കേന്ദ്രഗവൺമെൻറിന് എഴുതുകയും ഞാൻ നേരിട്ട് നിവേദനം നടത്തുകയും ചെയ്തിട്ടുണ്ട്. അവരുടെ കൺകറൻസോടുകൂടിയല്ലാതെ നമുക്ക് ഈ നിയമനിർമ്മാണം നടത്താൻ കഴിയുകയില്ലെന്നതുകൊണ്ട് നെഗോഷിയേറ് ചെയ്ത് സെറ്റിൽ ചെയ്യാൻ കഴിയുമോ എന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നതാണ്.

(2) ഇടുക്കി നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകളിൽ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുംമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

ശ്രീ. ജോസ് കുറ്റിയാനി: ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട കാമാക്ഷി, വാത്തുക്കുടി പഞ്ചായത്തുകളിൽ ഉണ്ടായ ഉരുൾപൊട്ടലിൻറെ ഫലമായി വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായിരിക്കുന്നു. അതുപോലെതന്നെ മരിയാപുരം, അറക്കുളം, കൊന്നത്തടി, വാഴത്തോപ്പ്, കഞ്ഞിക്കുഴി തുടങ്ങിയ പഞ്ചായത്തുകളിൽ ഉണ്ടായ കനത്ത മഴയുടെ ഫലമായി എതാണ്ട് 400-ൽപ്പരം കൃഷിക്കാരുടെ ദേഹണ്ഡങ്ങൾ പൂർണ്ണമായും 620-ൽപ്പരം കർഷകരുടെ ദേഹണ്ഡങ്ങൾ ഭാഗികമായും നശിച്ചുപോയിരിക്കുകയാണ്. കഴിഞ്ഞ എതാനും ആഴ്ചകളായി കനത്ത മഴയാണ് ഇടുക്കി ജില്ലയിൽ പെയ്തുകൊണ്ടിരിക്കുന്നത്. ഉരുൾപൊട്ടലിൻറെ ഫലമായി കാമാക്ഷി പഞ്ചായത്തിലെ പാണ്ടിപ്പാറ, കൊച്ചുകുടി, കാമാക്ഷി എന്നീ സ്ഥലങ്ങളിലും താപ്രംകുടി എന്നീ സ്ഥലങ്ങളിലും ഉള്ള 40-ൽപ്പരം കൃഷിക്കാരുടെ ദേഹണ്ഡങ്ങൾ പൂർണ്ണമായും നശിച്ചുപോയിരിക്കുകയാണ്. ഭൂമിയിൽ തറനിരപ്പിൽ ഇരുപത് അടി ആഴത്തിലുള്ള മണ്ണ് വരെ ഒലിച്ചുപോയിരിക്കുകയാണ്. ചുറ്റുമുള്ള മുഴുവൻ ദേഹണ്ഡങ്ങളും പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ഇരുപതിൽപ്പരം ആളുകളുടെ വീടുകളും, അതിനോട് ബന്ധപ്പെട്ട് പൂർണ്ണമായും ഒഴുകിപ്പോയിരിക്കുകയാണ്. മരിയാപുരം, കൊന്നത്തടി, വാഴത്തോപ്പ് തുടങ്ങിയ പഞ്ചായത്തുകളിൽ ഉണ്ടായ മഴയുടെ ഫലമായി അവിടത്തെ ഭൂപണയ ബാങ്കിൽനിന്നും വായ്പയെടുത്ത് കെട്ടിയിരുന്ന പാടശേഖരങ്ങളുടെ അതിർത്തിയിലെ ബണ്ടുകൾവരെ നശിക്കുകയും അതിൻറെ ഫലമായി നിരവധി കർഷകർക്ക് അവരുടെ പാടശേഖരങ്ങളിലെ കൃഷിവരെ പൂർണ്ണമായും നശിച്ചുപോകുന്ന അവസ്ഥ ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. എല്ലാവരുടെയും ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly